**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

**താത് പര്യപത്രം ക്ഷണിക്കുന്നു (EOI)**

**വിഷയം: സവിശേഷ' ഭിന്നശേഷി ഫെസ്റ്റിന്റെ IEC (വിജ്ഞാന-വിദ്യാഭ്യാസ-പ്രചാരണ പ്രവർത്തനങ്ങൾ), പബ്ലിസിറ്റി എന്നിവയുടെ നിർവഹണത്തിനായി ഏജൻസികളെ കണ്ടെത്തൽ**

**നമ്പർ: KSSM/1506/2025-DEO5**
**തീയതി: 08-01-2026**

കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് (SID), 2026 ജനുവരി 19, 20, 21 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് 'സവിശേഷ' ഭിന്നശേഷി ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഭിന്നശേഷി സമൂഹത്തിന്റെ കഴിവുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ പരിപാടിയുടെ പ്രചാരണ പ്രവർത്തനങ്ങൾക്കായി **IEC (വിജ്ഞാന-വിദ്യാഭ്യാസ-പ്രചാരണ പ്രവർത്തനങ്ങൾ), പബ്ലിസിറ്റി** തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ (I&PRD) എംപാനൽ ചെയ്തിട്ടുള്ള യോഗ്യരായ ഏജൻസികളിൽ നിന്നും താത് പര്യപത്രം ക്ഷണിക്കുന്നു.

- **പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം:** ലോഗോ, ബ്രോഷറുകൾ, പോസ്റ്ററുകൾ, വീഡിയോകൾ, സമൂഹ മാധ്യമ പ്രചാരണത്തിനുള്ള ഉള്ളടക്കം, ഹോർഡിംഗുകൾ, മറ്റ് പ്രചാരണ സാമഗ്രികൾ എന്നിവയുടെ ഡിസൈനിംഗ്, നിർമ്മാണം.
- **യോഗ്യതാ മാനദണ്ഡം:** കേരള സർക്കാർ I&PRD-യിൽ എംപാനൽ ചെയ്ത ഏജൻസി ആയിരിക്കണം. മറ്റ് യോഗ്യതകൾ EOI രേഖയിൽ വിശദമാക്കിയിട്ടുണ്ട്.
- **സമർപ്പിക്കേണ്ട അവസാന തീയതി: 12/01/2025, ഉച്ചയ്ക്ക് 2 മണി.**
- **സമർപ്പിക്കേണ്ട രീതി:** ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ്

എന്നിവ വെവ്വേറെ മുദ്രവെച്ച കവറുകളിൽ,പ്രത്യകമായി എഴുതി താഴെ നൽകിയിട്ടുള്ള വിലാസത്തിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

വിശദമായ **EOI** രേഖയും മറ്റ് വിവരങ്ങളും **https://socialsecuritymission.gov.in/** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോൺ: **0471-2341200**
ടോൾ ഫ്രീ: **1800-120-1001**
ഇമെയിൽ: **keralasid@gmail.com**

വിശ്വസ്തതയോടെ,

Dr MITHUN PREMRAJ IAS
EXECUTIVE DIRECTOR KSSM

Signed by
Mithun Premraj
Date: 08-01-2026 07:57:16

**കേരള സർക്കാർ**

**താത്പര്യപത്രം (EOI) വിജ്ഞാപനം**

## “സവിശേഷ' ഭിന്നശേഷി ഫെസ്റ്റിന്റെ IEC (വിജ്ഞാന-വിദ്യാഭ്യാസ-പ്രചാരണ പ്രവർത്തനങ്ങൾ), പബ്ലിസിറ്റി എന്നിവയുടെ നിർവഹണത്തിനായി ഏജൻസികളെ കണ്ടെത്തൽ”

[റഫ. നമ്പർ: KSSM/1506/2025-DEO5 തീയതി: 08-01-2026]

–

**എക്സിക്യൂട്ടീവ് ഡയറക്ടർ KSSM & പ്രൊജക്റ്റ് ഡയറക്ടർ**

**സ്റ്റേറ്റ് ഇൻഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് (SID)**

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ,**

പൂജപ്പുര, തിരുവനന്തപുരം - 695012

ഫോൺ: 0471-2341200

ടോൾ ഫ്രീ: 1800-120-1001

ഇമെയിൽ: keralasid@gmail.com

വെബ്സൈറ്റ്: https://socialsecuritymission.gov.in/

## ഉള്ളടക്കം

1. ചുരുക്കെഴുത്തുകൾ
2. EOI രേഖയുടെ വിശദാംശങ്ങൾ
3. ആമുഖം
4. പ്രവർത്തനങ്ങളുടെ വ്യാപ്തി
5. യോഗ്യതാ മാനദണ്ഡങ്ങൾ
6. താത്പര്യപത്രത്തിനുള്ള മറുപടിയുടെ മാതൃക
7. സമർപ്പിക്കേണ്ട അവസാന തീയതിയും ബന്ധപ്പെടാനുള്ള വിവരങ്ങളും
8. മൂല്യനിർണ്ണയ പ്രക്രിയ

## 1. ചുരുക്കെഴുത്തുകൾ

| **ചുരുക്കെഴുത്ത്** | **പൂർണ്ണരൂപം** |
|---|---|
| EOI | Expression of Interest (താത്പര്യപത്രം) |
| SID | State Initiative on Disabilities (സ്റ്റേറ്റ് ഇൻഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ്) |
| **സവിശേഷ - കാർണിവെൽ ഓഫ് ദി ഡിഫറൻറ്** | സവിശേഷ ഭിന്നശേഷി ഫെസ്റ്റ് |
| KSSM | കേരള സാമൂഹ്യ സുരക്ഷാ മിഷൻ |
| IEC | Information, Education, and Communication (വിജ്ഞാന-വിദ്യാഭ്യാസ-പ്രചാരണ പ്രവർത്തനങ്ങൾ) |

## 2. EOI രേഖയുടെ വിശദാംശങ്ങൾ

| ക്ര. നം. | പ്രധാന ഘട്ടങ്ങൾ | തീയതിയും സമയവും |
|---|---|---|
| 1 | താത്പര്യപത്രം (EOI) പ്രസിദ്ധീകരിക്കുന്നത് | 06/01/2025 |
| 2 | താല്പര്യമുള്ള ഏജൻസികൾക്ക് സംശയനിവാരണം (ടോൾ ഫ്രീ: 1800-120-1001) | 09/01/2025, വൈകുന്നേരം 4 മണി വരെ |
| 3 | ടെക്നിക്കൽ ബിഡ് ആൻഡ് പെർഫോർമൻസ് പ്രസന്റേഷൻ | 12/01/2026, രാവിലെ 11 മണി |
| 4 | ഫിനാൻസ് ബിഡ് ഉൾപ്പടെ താത്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി | 12/01/2025, ഉച്ചയ്ക്ക് 2 മണി |
| 5 | താത്പര്യപത്രങ്ങൾ തുറക്കുന്നത് | 12/01/2025, വൈകുന്നേരം 4 മണി |
| 6 | ഷോർട്ട്ലിസ്റ്റ് ചെയ്യുന്ന സ്ഥാപനങ്ങളെ പ്രഖ്യാപിക്കൽ | പിന്നീട് അറിയിക്കും (TBA) |

**<u>EOI വിജ്ഞാപനം പുറപ്പെടുവിക്കുന്നത്</u>**

എക്സിക്യൂട്ടീവ് ഡയറക്ടർ **KSSM & പ്രൊജക്റ്റ് ഡയറക്ടർ**

സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് **(SID)**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ,

പൂജപ്പുര, തിരുവനന്തപുരം **- 695012**

ഫോൺ: **0471-2341200**

ടോൾ ഫ്രീ: **1800-120-1001**

ഇമെയിൽ: **keralasid@gmail.com**

വെബ്സൈറ്റ്: **https://socialsecuritymission.gov.in/**

## 3. ആമുഖം

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന, ഭിന്നശേഷി വ്യക്തികളുടെ കഴിവുകളും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ അവതരിപ്പിക്കുന്നതിനുമായി 'സവിശേഷ' ഭിന്നശേഷി ഫെസ്റ്റ് (സവിശേഷ - കാർണിവൽ ഓഫ് ദി ഡിഫറന്റ്) എന്ന പേരിൽ 2026 ജനുവരി 19, 20, 21 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്നു.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ കലാ-കായിക-സാംസ്കാരിക കഴിവുകൾക്ക് ഒരു പൊതുവേദി നൽകുക, അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം ചെയ്യാൻ സഹായിക്കുകയും ചെയ്യുക, ഭിന്നശേഷി സൗഹൃദ സമൂഹമെന്ന ആശയം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ ഫെസ്റ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഈ താത്പര്യപത്രത്തിന്റെ (EOI) ലക്ഷ്യം, 'സവിശേഷ' ഫെസ്റ്റിന്റെ പ്രചാരണ പ്രവർത്തനങ്ങൾ (IEC & Publicity) ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വൈദഗ്ധ്യമുള്ള ഏജൻസികളെ കണ്ടെത്തുക എന്നതാണ്. പരിപാടിയുടെ സന്ദേശം പൊതുസമൂഹത്തിൽ വ്യാപകമായി എത്തിക്കുന്നതിന് ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിക്കുക എന്നതാണ് തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയുടെ പ്രധാന ഉത്തരവാദിത്തം.

4. പ്രവർത്തനങ്ങളുടെ വ്യാപ്തി (Scope of Work)

തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസിക്ക് താഴെ പറയുന്ന IEC, പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ഉണ്ടായിരിക്കും:

- **ഇവന്റ് ബ്രാൻഡിംഗ് & ഡിസൈനിംഗ്** (Event Branding & Designing):

  ഫെസ്റ്റിന്റെ തീം അടിസ്ഥാനമാക്കി ലോഗോ, പോസ്റ്ററുകൾ, ബ്രോഷറുകൾ, ടാഗുകൾ, ബാഡ്ജുകൾ, മറ്റ് ഡിസൈൻ സാമഗ്രികൾ എന്നിവ തയ്യാറാക്കുക.

- **അച്ചടി** (Printing):
  പോസ്റ്ററുകൾ, ബ്രോഷറുകൾ, ടാഗുകൾ, ബാഡ്ജുകൾ എന്നിവ ആവശ്യമായ അളവിൽ അച്ചടിക്കുക.

- **ഔട്ട്ഡോർ പബ്ലിസിറ്റി** (Outdoor Publicity):
  ഹോർഡിംഗുകൾ, ബാനറുകൾ, പബ്ലിസിറ്റി ബോർഡുകൾ, കവാടം സ്ഥാപിക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ.

- **ഇവന്റ് തീം ഇൻസ്റ്റാളേഷൻ** (Event Theme Installation):
  പരിപാടി നടക്കുന്ന വേദിയിൽ തീം അടിസ്ഥാനമാക്കിയുള്ള അലങ്കാരങ്ങളും ഇൻസ്റ്റാളേഷനുകളും ഒരുക്കുക.

- **സമൂഹ മാധ്യമ പ്രചാരണം** (Social Media Campaign):
  സമൂഹ മാധ്യമങ്ങളിലൂടെ (ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് മുതലായവ) ചിട്ടയായ പ്രചാരണം നടത്തുക, പ്രൊമോഷണൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

- **മൾട്ടിമീഡിയ പ്രൊഡക്ഷൻ** (Multimedia Production):
  പ്രചാരണത്തിനായി ആകർഷകമായ വീഡിയോകൾ നിർമ്മിക്കുക, പരിപാടിയുടെ ഫോട്ടോഗ്രാഫി, പ്രധാന സെഷനുകളുടെ ലൈവ് സ്ട്രീമിംഗ് എന്നിവ ഉറപ്പാക്കുക.

- **മാധ്യമ ഏകോപനം** (Other Media Campaign):
  പത്രക്കുറിപ്പുകൾ തയ്യാറാക്കി നൽകുക, പത്രസമ്മേളനങ്ങൾ സംഘടിപ്പിക്കുക, പ്രമുഖ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിൽ ഫെസ്റ്റിന് ആവശ്യമായ കവറേജ് ഉറപ്പാക്കുക.

- **ഡോക്യുമെന്റേഷൻ:**
  പ്രചാരണ പ്രവർത്തനങ്ങളുടെ പൂർണ്ണമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക.

പ്രവൃത്തിയുടെ സ്വഭാവം / ഘടകങ്ങൾ

Media Publicity, Social Media, Decorations and Outdoor Publicity

| Sl no | | Unit/Nos |
|---|---|---|
| 1 | Publicity board for Outdoor - 12x10 square foot ,Multicolour wooden frame and Cloth printing With fixation in differentLocations in Thiruvananthapuram | 22 |
| 2 | Double dummy Multicolour Poster and installation in different Locations in Thiruvananthapuram | 3000 |
| 3 | Savishesha Carnival theme installation -base on RPWD In different venues- 10X10 square foot for different Locations in Thiruvananthapuram | 10 |
| 4 | Gate for Tagore Main gate 20x12 square foot iron frame box type | 1 |
| | Gate for other 3 Venues 14x12square foot iron frame | 3 |
| 5 | Decorations for Carnival venues-Cloth and other eco-friendly material for the 3 venues of Tagore, Women college and sports venue | Tagore area (500 mtraprox) |
| 6 | Video production , Social Media Publicity,<br>HD Videos original video and Audio footage With Graphics<br>And celebrity videos for the carnival | 15 |
| 7 | Social media Posters - Multicolour | 40 |
| | Promotions and boosting for Social Media reach in Kerala audiences And Target audience | 1M+ views |
| 8 | Live streaming video<br>HD Video broadcasting in different venues On face book and YouTube. Professional Camera and Audio Unit- | 3 days<br>3 unit shoot |
| 9 | Carnival Brochure-Multicolour Brochure 200 GSM 8 pages | 1500 |
| 10 | Event board, Schedule, board for different venues- 10x8 and 10x10 | 10 |
| 11 | Outdoor LED Wall Publicity on before event- Flashmob Support<br>1 vehicle with LED WALL and Sound system of 5k watts | 1 unit with all support |
| 12 | Photography and Videography documentation with Professional HD Camera | 3 days<br>3 unit |
| 13 | Designing of all Digital LED Backdrop, Theme and other related work Carnival related work - on demands | For All work |
| | The creative concepts must be presented as part of the EOI at the time of Request. | |

## 5. യോഗ്യതാ മാനദണ്ഡങ്ങൾ (Eligibility Criteria)

താത്പര്യപത്രം സമർപ്പിക്കുന്ന ഏജൻസികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം:

- കേരള സംസ്ഥാന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ എംപാനൽ ചെയ്ത ഏജൻസി ആയിരിക്കണം.
- പബ്ലിക് റിലേഷൻസ് (PR), പരസ്യം, IEC കാമ്പെയ്‌നുകൾ എന്നിവയിൽ കുറഞ്ഞത് 5 വർഷത്തെ പ്രവർത്തന പരിചയം.
- കുറഞ്ഞത് മൂന്ന് (3) സർക്കാർ/വലിയ സാമൂഹിക പരിപാടികളുടെ പ്രചാരണ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിയതിന്റെ തെളിവുകൾ.
- കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് ചെയ്ത സാമ്പത്തിക റിപ്പോർട്ടുകൾ സഹിതം മികച്ച സാമ്പത്തിക സ്ഥിരത.
- ഈ മേഖലയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെയും സാങ്കേതിക സൗകര്യങ്ങളുടെയും ലഭ്യത.

## 6. താത്പര്യപത്രത്തിനുള്ള മറുപടിയുടെ മാതൃക

താത്പര്യമുള്ള സ്ഥാപനങ്ങൾ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് EOI സമർപ്പിക്കേണ്ടതാണ്:

**6.1 ആമുഖ കത്ത്: സ്ഥാപനത്തെക്കുറിച്ചുള്ള ഒരു ലഘുവിവരണവും ഈ പദ്ധതിയിലുള്ള താത്പര്യവും വ്യക്തമാക്കുന്ന കത്ത്.**

**6.2 സ്ഥാപനത്തിന്റെ വിശദാംശങ്ങൾ:**

a) സ്ഥാപനത്തിന്റെ പേര്

b) നിയമപരമായ പേര്, രജിസ്ട്രേഷൻ വിശദാംശങ്ങൾ

c) നിയമപരമായ സ്റ്റാറ്റസ് (ഉദാ: കമ്പനി, സൊസൈറ്റി)

d) രജിസ്ട്രേഷൻ നമ്പർ, തീയതി

e) രജിസ്റ്റേർഡ് ഓഫീസ് വിലാസം

f) ബന്ധപ്പെടേണ്ട വ്യക്തിയുടെ പൂർണ്ണമായ പേരും പദവിയും

g) മൊബൈൽ നമ്പർ, ഇമെയിൽ ഐഡി

h) സ്ഥാപനത്തിന്റെ വെബ്സൈറ്റ് (ഉണ്ടെങ്കിൽ)

**6.3 സ്ഥാപനത്തിന്റെ കാര്യശേഷി:**

- ആമുഖം: സ്ഥാപനത്തിന്റെ ചരിത്രം, പ്രവർത്തന മേഖല, വൈദഗ്ധ്യം എന്നിവയെക്കുറിച്ചുള്ള ലഘുവിവരണം.
- മുൻ പരിചയം: IEC, പബ്ലിസിറ്റി മേഖലയിൽ നടപ്പിലാക്കിയ പ്രധാന പ്രോജക്റ്റുകളുടെ വിവരങ്ങൾ (പ്രത്യേകിച്ച് സർക്കാർ/സാമൂഹിക തലത്തിലുള്ളവ). വർക്ക് ഓർഡറുകൾ, സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പുകൾ ഉൾപ്പെടുത്തണം.

- സമാനമായ പ്രോജക്റ്റുകൾ: ഈ EOI-യുടെ സ്വഭാവത്തോട് സാമ്യമുള്ള മുൻകാല പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ.
- സാമ്പത്തിക രേഖകൾ: കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് ചെയ്ത സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ.

**6.4 പ്രോജക്റ്റിനോടുള്ള സമീപനവും പ്രവർത്തന രീതിയും:**

'സവിശേഷ' ഫെസ്റ്റിന്റെ പ്രചാരണത്തിനായി സ്ഥാപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തന്ത്രങ്ങളെയും പ്രവർത്തന രീതികളെയും കുറിച്ചുള്ള ഒരു പ്രാഥമിക രൂപരേഖ. ഇതിൽ ക്രിയേറ്റീവ് ആശയങ്ങൾ, മാധ്യമ തന്ത്രങ്ങൾ, ഡിജിറ്റൽ മാർക്കറ്റിംഗ് പ്ലാൻ എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണ്. മറ്റു പ്രവർത്തനങ്ങൾ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന രീതിയിൽ ചെയ്യുന്നതിന് ബാധ്യസ്ഥനായിരിക്കും.

7. സമർപ്പിക്കേണ്ട അവസാന തീയതിയും ബന്ധപ്പെടാനുള്ള വിവരങ്ങളും

ടെക്നിക്കൽ ബിഡ് മുദ്രവെച്ച കവറിൽ **"ടെക്നിക്കൽ ബിഡ് - സവിശേഷ- കാർണിവൽ ഓഫ് ദി ഡിഫറന്റ്"** എന്ന് രേഖപ്പെടുത്തിയും, ഫിനാൻസ് ബിഡ് ഉൾപ്പെടെയുള്ള താത്പര്യപത്രം മറ്റൊരു മുദ്രവെച്ച കവറിൽ **"ഫിനാൻസ് ബിഡ് - EOI - സവിശേഷ - കാർണിവൽ ഓഫ് ദി ഡിഫറന്റ്"** എന്ന് രേഖപ്പെടുത്തിയും **12/01/2025, ഉച്ചയ്ക്ക് 2 മണി** മണിക്ക് മുൻപായി താഴെ കാണുന്ന വിലാസത്തിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ & പ്രൊജക്ട് ഡയറക്ടർ**
**സ്റ്റേറ്റ് ഇൻഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് (SID)**
**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**,
പൂജപ്പുര, തിരുവനന്തപുരം - 695012
ഫോൺ: 0471-2341200
ടോൾ ഫ്രീ: 1800-120-1001
ഇമെയിൽ: keralasid@gmail.com
വെബ്സൈറ്റ്: https://socialsecuritymission.gov.in/

## 8. മൂല്യനിർണ്ണയ പ്രക്രിയ (Evaluation Process)

ലഭിക്കുന്ന താത്പര്യപത്രങ്ങൾ താഴെ നൽകിയിരിക്കുന്ന ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തും. ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന ഏജൻസികളെ അന്തിമ തിരഞ്ഞെടുപ്പിന് മുൻപായി ഒരു അവതരണത്തിനായി ക്ഷണിച്ചേക്കാം.

**മൂല്യനിർണ്ണയ ചട്ടക്കൂട്:**

1. **യോഗ്യതയും മാനദണ്ഡ പാലനവും (Qualifying Criteria) - 20%**

- ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കൽ.
- പി.ആർ.ഡി എംപാനൽമെന്റ്, കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തിപരിചയം.
- കുറഞ്ഞത് 3 സമാനമായ പ്രചാരണ പരിപാടികൾ.
- കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക രേഖകൾ.

2. **പ്രവൃത്തിപരിചയവും ട്രാക്ക് റെക്കോർഡും - 25%**

- സർക്കാർ/സാമൂഹിക മേഖലയിലെ പ്രചാരണ പ്രവർത്തനങ്ങളിലുള്ള പരിചയം.
- സമാനമായ വലിയ പരിപാടികൾ കൈകാര്യം ചെയ്യുന്നതിലുള്ള മികവ്.
- മുൻകാല ക്ലയിന്റുകളിൽ നിന്നുള്ള നല്ല അഭിപ്രായങ്ങൾ.

3. **പ്രൊപ്പോസലിന്റെ സാങ്കേതികവും പ്രവർത്തനപരവുമായ മികവ് - 25%**

- സമർപ്പിച്ച പ്രചാരണ പദ്ധതിയുടെയും ആശയങ്ങളുടെയും നിലവാരം.
- പ്രൊഫഷണലുകൾ അടങ്ങുന്ന ടീമിന്റെ വൈദഗ്ധ്യം.
- ഡിജിറ്റൽ, പരമ്പരാഗത മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനുള്ള നൂതനമായ ആശയങ്ങൾ.

**4. സാമ്പത്തിക കാര്യക്ഷമത (ഫിനാൻസ് ബിഡ്) - 15%**

സമർപ്പിച്ച ഫിനാൻഷ്യൽ ബിഡിന്റെ സുതാര്യതയും കാര്യക്ഷമതയും.

5. **അവതരണവും അഭിമുഖവും (ബാധകമെങ്കിൽ) - ബോണസ് 15%**

അവതരണത്തിലെ വ്യക്തതയും ആശയങ്ങളുടെ പുതുമയും.

**മൂല്യനിർണ്ണയ സ്കോർ സംഗ്രഹം:**

| **മാനദണ്ഡം** | **വെയ്റ്റേജ് (%)** |
|---|---|
| യോഗ്യതയും മാനദണ്ഡ പാലനവും (Qualifying Criteria) | 20% |
| പ്രവൃത്തിപരിചയവും ട്രാക്ക് റെക്കോർഡും | 25% |
| പ്രൊപ്പോസലിന്റെ സാങ്കേതിക മികവ് | 25% |
| സാമ്പത്തിക കാര്യക്ഷമത | 15% |
| അവതരണവും അഭിമുഖവും (ബാധകമെങ്കിൽ) | **ബോണസ്** 15% |

**കട്ട് ഓഫ് മാർക്ക് -** 60%

Dr MITHUN PREMRAJ IAS

EXECUTIVE DIRECTOR KSSM

Signed by
Mithun Premraj
Date: 08-01-2026 07:57:53